DESPATCHED
26/05/2020

24.2.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1307(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.8365/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

അഡ്വ: ടി. മോഹനൻ,
റൂം നമ്പർ–26, രാജസദൻ,
വെസ്റ്റ് ഓഫ് കളക്ടറേറ്റ്,
കൊല്ലം – 691 013.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് ഇൻസ്പെക്ടറുടെകാര്യാലയം,
ചാത്തന്നൂർ, കൊല്ലം.
2. അപ്പീൽ അധികാരി &
പോലീസ് സർക്കിൾ ഇൻസ്പെക്ടർ,
ചാത്തന്നൂർ, കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 1.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 24.2.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.5.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.6.2015, 15.2.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ അഡ്വ: ടി. മോഹനൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിരുന്നില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും എന്നാൽ

ആയതു പ്രകാരവും ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ പൊതു രേഖയാണെന്നും ആയത് ലഭിക്കാനുള്ള അർഹത ടിയാനുണ്ടെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. ചാത്തന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം 396/13-ാം നമ്പർ കേസിന്റെ എഫ്.ഐ.ആർ-ന്റെയും എഫ്.ഐ.എസിന്റെയും പകർപ്പ് നൽകണമെന്നും

ii. മേൽപ്പടി കേസിലുള്ള ഫൈനൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

iii. മേൽപ്പടി കേസിൽ പരിക്കുപറ്റിയ ആളുകളുടെയും മരണം അടഞ്ഞ ആളുകളുടെയും വൂണ്ട് സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ നൽകണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട യാതൊരു വിവരവും ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് സ്റ്റേഷൻ രേഖകൾ പരിശോധിച്ചതിലും ഹർജിക്കാരനെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ രണ്ടാം എതിർകക്ഷിയിൽ നിന്നും കൈപ്പറ്റിയുട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുള്ളതാണെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരനെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ അപ്പീൽ നൽകിയ പ്രകാരം ടിയാന് ലഭിച്ചിട്ടുണ്ടെന്നു അറിയിച്ചു എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും വിവരവും നൽകിയിരുന്നില്ലെന്നു കാണുന്നു. ആയതു വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി

സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ ടിയാന് ലഭ്യമായിട്ടുള്ളതായി ഹർജിക്കാരൻ അറിയിച്ചിട്ടുണ്ടെന്നു നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk